നം.ഇ.ഡി1/12568/2015

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണ വിഭാഗം,
തിരുവനന്തപുരം.
തീയതി: 21.07.2015.

## സർക്കുലർ

വിഷയം:- പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - OA No.2217/2014 റിവ്യൂ ലിസ്റ്റ് പരിഷ്ക്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ കത്ത് നം.110/132/2015/പൊ.മ.വ, തീയതി 12.06.2015.
2. ഈ ഓഫീസിലെ ഓർഡർ നം.ഇ.ഡി1/റിവ്യൂ/23906/12, തീയതി 13.12.2012.
3. ഈ ഓഫീസിലെ ഓർഡർ നം.ഇ.ഡി1/റിവ്യൂ/23906/12, തീയതി 30.04.2013.

ഈ കാര്യാലയത്തിലെ 13.12.2012 തീയതിയിലെ ഉത്തരവ് നമ്പർ ഇ.ഡി1/റിവ്യൂ/23906/12 പ്രകാരം പ്രസിദ്ധീകരിച്ച താത്ക്കാലിക റിവ്യൂ ഉത്തരവിൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് പ്രസ്തുത ഓർഡർ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഈ വിവരം പ്രധാനപ്പെട്ട പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പരാതികൾ പരിഹരിച്ച് 30.4.2013ൽ അന്തിമ റിവ്യൂ ഓർഡർ പ്രസിദ്ധീകരിക്കുകയുണ്ടായി.

എന്നാൽ അനുവദിച്ച സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത രേഖകൾ സഹിതം വകുപ്പിൽ ഉൾപ്പെട്ട കുറച്ചു ജീവനക്കാർ പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയിൽ സൂചിപ്പിക്കുന്ന ജീവനക്കാർ വകുപ്പു വിട്ടു പോകൽ/മരണം/ സ്ഥാനക്കയറ്റം/വിരമിക്കൽ/സ്വയം വിരമിക്കൽ/അന്യത്ര സേവനം/ശൂന്യവേതനാവധി എന്നിവമൂലം യു.ഡി.ക്ലാർക്ക് തസ്തികയിലും, ഈ വകുപ്പിലും ഇല്ലാത്തവരാണെന്നും ആയതിനാൽ 30.04.2013ലെ അന്തിമ റിവ്യൂ ഓർഡറിൽ പുന:പ്രസിദ്ധീകരിക്കണം എന്നുമാണ് വാദം ഉന്നയിക്കുന്നത്. ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആയത് പരിഗണിക്കാതെ നിരസിക്കുകയും ചെയ്തു. എന്നാൽ ഈ ജീവനക്കാർ കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

ടി പരാതിയിൽ പ്രതിപാദിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങളെക്കുറിച്ച് കീഴ് ഓഫീസുകളിൽ നിന്നും രണ്ട് ആഴ്ചക്കകം വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കാൻ സർക്കാർ സൂചന (1) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ പേരു വിവരം ഇതോടൊപ്പം ഉള്ള അനുബന്ധത്തിൽ സൂചിപ്പിക്കുന്നു. ബന്ധപ്പെട്ട ഓഫീസർമാർ ഈ സർക്കുലർ തീയതി മുതൽ 7 ദിവസത്തിനകം, ഈ ജീവനക്കാരെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ താത്പ്പര്യപ്പെടുന്നു. ഇവർ ഏതെങ്കിലും കാര്യാലയങ്ങളിൽ ജോലി ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ജനനതീയതി/വിടുതൽ ചെയ്ത തീയതി/മരണപ്പെട്ട തീയതി/പെൻഷൻ പറ്റിയ തീയതി ഇവയിൽ ഏതാണോ എന്നത് വിശദമാക്കേണ്ടതും, ടി ജീവനക്കാർ അതാത് കാര്യാലയങ്ങളിൽ ജോലി ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത വിവരവും അറിയിക്കേണ്ടതാണ്. സമർപ്പിക്കുന്ന വിവരങ്ങൾക്ക് പിൻബലമായിട്ടുള്ള രേഖകൾ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് ലഭിക്കാത്ത പക്ഷം വിശദാംശങ്ങൾ ലഭ്യമല്ല എന്ന അനുമാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

സർക്കാരിലേക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ, ഇ-മെയിൽ ആയോ, ഫാക്സ് ആയോ, പ്രത്യേക ദൂതൻ വഴിയോ വിശദാംശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ട മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

To

1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും.

2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

Annexure - Name of person included in the petition

| Sl. No. | Name | Sl. No. | Name |
|---|---|---|---|
| 1 | Velayudhan.K.C | 26 | Jalaludeen.S |
| 2 | Muraleedharan.P | 27 | Chandran.V |
| 3 | Mohanan.M | 28 | Thilakan.P.C |
| 4 | Thresiamma Joseph | 29 | Sivarajan.G |
| 5 | Dakshayani.E.K | 30 | Pankajakshan.N.K |
| 6 | Veeran.M.K | 31 | Jose.K.M |
| 7 | Premakumaran.G.A | 32 | Raghavan.C.O |
| 8 | Haridhasan.P.H | 33 | Shaju.M.Hussain |
| 9 | Narayanan.P | 34 | Sudhakara Pai.K.S |
| 10 | Radha.K | 35 | Ajithkumar.G |
| 11 | Saramma Joseph | 36 | Monykuttan.V |
| 12 | BharathanP.R | 37 | Bhavani.C |
| 13 | Francis.P.A | 38 | Beena Anne Chacko |
| 14 | Ramapanicker | 39 | Ajaykumar.K.S |
| 15 | Thulasybai.R | 40 | Ravikumar.K.R |
| 16 | Joseph.P.J | 41 | Valsalan.N (Valsan.N) |
| 17 | Teresa.R | 42 | Somasekhara Kurup.R |
| 18 | Ramachandran.V | 43 | Sreekumar.M |
| 19 | Abdul Samad.M | 44 | George.E.V |
| 20 | Madhavan.A | 45 | Somanathan.K |
| 21 | Leelamma.T.G | 46 | Sobhana.D.R |
| 22 | Rafeeka Beevi.F | 47 | Vijayakumar.K (Vijayakumaran.K) |
| 23 | Ramanan.K | 48 | Rajeev.G |
| 24 | Mani.P | 49 | Martin.G |
| 25 | Nanoo.K.K | 50 | Jija.R |

| | | | |
|---|---|---|---|
| 51 | Beena.A.D | 57 | Abdul Majeed.K |
| 52 | Mohanadasan Pillai.G (Deputation) | 58 | Balan.K.S |
| 53 | George.P.A (LWA) | 59 | Surendran.P.K |
| 54 | Manoj Kurian (LWA) | 60 | Sreekumar.M |
| 55 | Jose.T.P | 61 | Pradeep Kumar |
| 56 | John.T.L | | |

Senior Administrative Officer